M 6503

Reg. No.: ..............................

Name : ..................................

# II Semester B.Com./B.B.A./B.B.A.T.T.M./B.B.M. Degree (CCSS – Reg./Supple./Improve.) Examination, May 2014
# COMMON COURSE IN MALAYALAM
## 2 A 08 1 MAL : ഭാഷാസാഹിത്യ പഠനങ്ങൾ
## (2012 Admn. Onwards)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

a) കവിതയുടെ ജാതകം

b) തലമുറകൾ

c) സാക്ഷി

d) നാലുകെട്ട്

2) ഉത്തരമെഴുതുക.

a) വേട്ടയാടിക്കൊണ്ടു വരുന്ന മൃഗങ്ങളെ വയനാട്ടുകുലവൻ വേട്ടയാടുന്ന ചടങ്ങിന് പറയുന്ന പേര് ?

b) കാസർകോട്ട് ആദ്യമായി വ്യക്തിസത്യാഗ്രഹം നടത്തിയതാര് ?

c) ഉദുമ എന്ന സ്ഥലനാമത്തിന്റെ ഉദയം ഏത് ശേത്രത്തിൽ നിന്ന് ?

d) കാറഡുക്കയിലെ കാഞ്ചൻ ഗംഗയുടെ ചുമതലക്കാരൻ ആര് ?

3) ''ഉള്ളൂരോ ? ഉള്ളൂര് കാര്യവട്ടത്തിനടുത്തുള്ള ഒരു സ്ഥലമല്ലേ ?''

a) ആരുടെ വാക്കുകൾ ?

b) ആരോടാണ് പറയുന്നത് ?

c) ഏതു കഥ ?

d) എഴുതിയത് ആര് ?

4) ഉത്തരമെഴുതുക.

a) ''വാക്കുകളെല്ലാം കൈവശമായിക്കഴിഞ്ഞു. അതെങ്ങിനെ അടുക്കണമെന്നാണാലോചന''. ആരുടെ വാക്കുകൾ ?

b) പൊറ്റെക്കാട്ടിന്റെ കോഴിക്കോട്ടെ വീടിന്റെ പേരെന്ത് ?

c) കേരളപാണിനീയ ഭാഷ്യം രചിച്ചതാര് ?

d) 'ഗോത്ര സ്മൃതി' എന്ന ഹ്രസ്വചിത്രം അണിയിച്ചൊരുക്കിയതാര് ?

5) ഉത്തരമെഴുതുക.

a) 'സാഹിത്യസാഹ്യം' എഴുതിയതാര് ?

b) 'മേല്പത്തൂരിന്റെ വ്യാകരണ പ്രതിഭ' എന്ന പുസ്തകം എഴുതിയതാര് ?

c) ബ്ലൂം ഫീൽഡിന്റെ Ghost word ന് സമാനമായി വേണുഗോപാലപ്പണിക്കർ പ്രയോഗിച്ച പദമേത് ?

d) ദൈവത്തിന്റെ ദ്രാവിഡ രൂപം ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) കുമാരനാശാന്റെയും ചങ്ങമ്പുഴയുടെയും കവിതകൾക്കുള്ള വ്യത്യാസം എം. ടി. നിരീക്ഷിക്കുന്നതെങ്ങനെ ? വ്യക്തമാക്കുക.

7) നമ്മുടെ നിയമനിർമ്മാണവും നീതിനിർവഹണവും ബ്രിട്ടീഷുകാർ തെളിയിച്ച വഴിയിലൂടെത്തന്നെ ഇന്നും തുടരുന്നു – വിശദമാക്കുക.

8) പാണ്ഡ്യൻകല്ലിനെക്കുറിച്ചുള്ള ഐതിഹ്യം വിവരിക്കുക.

9) ''ഈ വെപ്രാളമൊക്കെ ആളുകളറിഞ്ഞാൽ എന്താണ് വിചാരിക്കുക ? ഇവിടെയൊരാൾക്ക് ഭ്രാന്താണെന്നല്ലേ ?'' ആരുടെ വാക്കുകൾ ? വിശദമാക്കുക.

10) 'ജലപ്പിശാചു പറ്റിച്ച അശുദ്ധക്കാരനെ കാണുന്നതുപോലെയാകും അത്തരം ഒരാളെ ആളുകൾ കാണുക' – വിശദമാക്കുക.

11) ''കണ്ണുനിറഞ്ഞു മാത്രം ചിരിക്കാവുന്ന ആ തമാശ നരേന്ദ്രനെ കുറച്ചൊന്നു വേദനിപ്പിക്കുകയും ചെയ്തു'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) 'അമ്പരിപ്പിക്കുന്ന വെളിച്ചത്തിലൂടെ ഒരു മഹാപ്രയാണം നടത്തുകയാണ് ഈ നോവലിസ്റ്റ്'. ആരെക്കുറിച്ചാണ് എം. ടി. ഈ പരാമർശം നടത്തുന്നത് ? വിവരിക്കുക.

13) 'ബഷീർ എന്ന മനുഷ്യൻ ഒരു പരസ്യവിഭാഗം കെട്ടിച്ചമച്ച 'ലെജൻഡി'ൽ ഒതുങ്ങുന്നില്ല' – വിശദമാക്കുക.

14) വയനാട്ടു കുലവൻ ഭ്രഷ്ടനാക്കപ്പെട്ട വ്യക്തിയാകുന്നതെങ്ങനെ ? വ്യക്തമാക്കുക.

15) വിദ്യാഭ്യാസ മേഖലയിൽ മലയാളത്തെ എങ്ങനെയാണ് നാം പരിഗണിച്ചു വരുന്നത് ? വിശദമാക്കുക.

16) 'ഈ കൃത്യവിലോപത്തിന് തലയെടുക്കേണ്ട ആവശ്യമില്ല. വലതുകൈപ്പടം അരിഞ്ഞാൽ മാത്രം മതി'. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

17) 'ഇന്ദുലേഖ രണ്ടാം ദിവസം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

18) 'തൊൽകാപ്പിയം' – കുറിപ്പെഴുതുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) വിൻസെന്റ് വാൻഗോഗിന്റ് ജീവിതത്തെക്കുറിച്ച് വിവരിക്കുക.

20) 'കത്തുന്ന ഒരു രഥചക്രം' എന്ന കഥയിലൂടെ പത്മനാഭൻ അവതരിപ്പിക്കുന്ന ആശയതലങ്ങൾ എന്തെല്ലാമാണ് ? വിവരിക്കുക.

21) മാതൃഭാഷയോട് നാം കാട്ടുന്ന അനാദരവിന് കാരണമാകുന്ന വസ്തുതകളെക്കുറിച്ച് വിവരിക്കുക.

22) കാസർകോടൻ ഗ്രാമങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

23) ആധുനിക കഥയുടെ എന്തെല്ലാം സവിശേഷതകളാണ് 'ചെങ്ങന്നൂർ വണ്ടി' എന്ന കഥയിലൂടെ ആവിഷ്കൃതമായിട്ടുള്ളത് ? വിശകലനം ചെയ്യുക.

---